**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 14 — 23-01-2018-ൽ മറുപടി നൽകേണ്ടത്

**<u>സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം</u>**

**ചോദ്യം**

ശ്രീ.പി.കെ.ശശി

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഫയലുകളിന്മേൽ സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിയ്ക്കും വിധം കൃത്യ സമയത്ത് തീർപ്പുകൾ കല്പിക്കുന്നതിനും, ഉദ്യോഗസ്ഥർ പ്രവർത്തന സമയങ്ങളിൽ ഓഫീസിലുണ്ട് എന്നു ഉറപ്പു വരുത്താനുമായി ഈ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ: | എ) | സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ ഫയലുകൾ തീർപ്പാക്കുന്നതിനുമായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർ കൃത്യസമ യത്ത് ഓഫീസിൽ ഹാജരാകുന്നത് ഉറപ്പിക്കുന്നതിനായി ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച പഞ്ചിംഗ് ഉൾപ്പെടെയുള്ള നടപടികൾ ധിക്കരിക്കുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും സമയനിഷ്ഠയും, മാന്വൽ പ്രകാരമുള്ള പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ എന്തു തുടർനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | ബി ) | സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നതി നായി 1/1/2018 മുതൽ അറ്റന്റൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) കാര്യക്ഷമമാക്കി ശമ്പളവിതരണ സോഫ്റ്റ് വെയറായ സ്പാർക്കുമായി ബന്ധിപ്പിച്ചുവരുന്നു ജീവനക്കാരുടെ അവധി ഇപ്പോൾ കൃത്യമായി നിരീക്ഷിച്ചു വരികയാണ്. |
| (സി) | നിയമസഭാ സാമാജികർ വഴി നല്കുന്ന അപേക്ഷകളിന്മേലുള്ള മറുപടികൾ യഥാസമയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | നിയമസഭാ സാമാജികർ വഴി നൽകുന്ന അപേക്ഷകൾക്ക് അടിയന്തിര പ്രാധാന്യം നൽകി സർക്കാർ തീർപ്പ് കൽപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ